# പതിമൂന്നാം കേരള നിയമസഭ

## (പതിനാലാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2954 13/07/2015-ൽ മറുപടിയ്ക്ക്**

## മത്സ്യ സങ്കേതങ്ങൾ

| ചോദ്യം<br>ശ്രീ. പി. സി. വിഷ്ണുനാഥ്:<br>ശ്രീ. എം. എ. വാഹീദ്:<br>ശ്രീ. എം. വി. വിൻസെന്റ്:<br>ശ്രീ. ലൂഡി ലൂയിസ്: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| (എ) മത്സ്യസങ്കേതങ്ങൾ സ്ഥാപിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) നീലംപേരൂർ, കുമരകം, പയ്യന്നൂർ, കൊളച്ചേരി, മൂവാറ്റുപുഴ, പമ്പ, ശാസ്താംകോട്ട എന്നിവിടങ്ങളിൽ മത്സ്യസങ്കേതങ്ങൾ ഫിർമ മുഖേന സ്ഥാപിക്കുന്നതിന് പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ അഡാക്ക് മുഖേന പാതിരാമണൽ, വെള്ളായണി കായൽ എന്നിവിടങ്ങളിലും മത്സ്യസങ്കേതം സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നു വ്യക്തമാക്കാമോ;<br><br>(സി) പ്രസ്തുത പദ്ധതി സമയ ബന്ധിതമായി നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ബി) യും (സി) യും മത്സ്യസങ്കേതം സ്ഥാപിക്കുന്നതിനായി അനുയോജ്യമായ സ്ഥലങ്ങൾ നിർദ്ദേശിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് അഭ്യർത്ഥിക്കുകയും, പത്രമാദ്ധ്യമങ്ങൾ വഴിയും ഇലക്ട്രോണിക് മാദ്ധ്യമങ്ങൾ വഴിയും വ്യാപക പ്രചരണം നൽകുകയും ചെയ്തിരുന്നു. നിർദ്ദേശിക്കപ്പെട്ട സ്ഥലങ്ങളിൽ സാങ്കേതിക സർവ്വേ നടത്തുകയും അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുകയും മത്സ്യസങ്കേതം സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സമിതിയുടെ അംഗീകാരം വാങ്ങുകയും ചെയ്തിട്ടുണ്ട്. സാങ്ച്വറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ കേരള തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കി വരുന്നു. നിർമ്മാണ പ്രവർത്തനങ്ങളും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന ജോലികളും പുരോഗമിക്കുന്നു. പദ്ധതിയുടെ പുരോഗതി യഥാസമയം വിലയിരുത്തി സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ